(ഇ) പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ 2012 മേയ് മാസം ആർ.ബി.ഡി.സി.കെ.-യ്ക്ക് സമർപ്പിച്ചു. ആർ.ബി.ഡി.സി.കെ. 22-5-2012-ന് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

(എഫ്) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ 20-5-2013-ന് കിറ്റ്കോയെ ഏൽപ്പിച്ചു.

(ജി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത യനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തുന്നത് ധനകാര്യവകുപ്പാണ്.

തലശ്ശേരി മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ

225 (5310) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഏതെല്ലാം റോഡ് നിർമ്മാണ നവീകരണ പ്രവൃത്തികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും നിലവിലുള്ളതെന്നും വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ പദ്ധതികളിലാണ് ഉൾപ്പെടുത്തിയതെന്നും ഓരോ പ്രവൃത്തിക്കും എത്രയുകയാണ് നീക്കിവച്ചതെന്നും വിശദമാക്കാമോ ;

(സി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

അങ്കമാലി മുക്കന്നൂർ-ഏഴാറ്റുമുഖം റോഡ് വികസനം

226 (5311) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ദേശീയപാതയിൽ കരയാംപറമ്പ് കവലയിൽ വന്നുചേരുന്ന മുക്കന്നൂർ-ഏഴാറ്റുമുഖം റോഡ് ഉയർത്തി സ്ഥലത്തെ അപായങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റോഡ് ഉയർത്തുന്നതിനായി സമർപ്പിച്ചിരുന്ന മൂന്നരക്കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) എൻ.എച്ച്. 47-ൽ വന്നുചേരുന്ന മുക്കന്നൂർ-ഏഴാറ്റുമുഖം റോഡ് ഉയർത്തി സ്ഥലത്തെ അപാകതകൾ പരിഹരിക്കുന്നതിനായി 3.50 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മേപ്പാടി പോളിടെക്നിക്കിന്റെ നിർമ്മാണ പുരോഗതി

227 (5312) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി പോളിടെക്നിക്കിന്റെ നിർമ്മാണപ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഫയലുകൾ നിലവിലുള്ളതായി അറിവുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കൽ മെയിൻ ബിൽഡിംഗ്, വനിതാ ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ എന്നീ മൂന്ന് കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്. പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെചേർക്കുന്നു:

1. മെയിൻ ബിൽഡിംഗ് :

മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിന്റെ മെയിൻബിൽഡിംഗിന്റെ 40 ശതമാനം പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയത്. നിലവിൽ കരാറുകാരനെ സ്വന്തം റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയിട്ടുള്ളതാണ്. ബാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly